**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 708** **30-01-2024 - ൽ മറുപടിയ്ക്ക്**

**കക്കയം കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.യുടെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കക്കയം കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.യുടെ ഭൂമി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നവീകരണത്തിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമായി കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് വിട്ടുനൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ കക്കയത്ത് കെ.എസ്.ഇ.ബി.യുടെ ഭൂമിയിൽ പ്രവർ ത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രവും അതുൾപ്പെടുന്ന 48.25 സെന്റ് സ്ഥലവും, പ്രദേശത്ത് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാർക്കറ്റ് വിലക്ക് സർക്കാർ അനുമതിയോടെ ഒരു പരസ്പരധാരണാ പത്രത്തിന്റെ അടിസ്ഥാ നത്തിൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് കൈമാറുന്നതിന് 30-03-2022–ലെ ബോർഡുത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. അതിനുശേഷം 29-11-2022–ലെ ബോർഡുത്തരവ് പ്രകാരം ഉടമസ്ഥാവകാശം കെ.എസ്.ഇ.ബി.യിൽ നിലനിർത്തിക്കൊണ്ട് തന്നെ ആരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടം പുതുക്കിപ്പണിയുന്നതിനുള്ള അനുമതിയും നൽകിട്ടുണ്ട്.<br><br>അതിനു ശേഷം, സ്ഥലത്തിന്റെ വിലയായി 5,02,467/- രൂപയും, പ്രധാന കെട്ടിടത്തിന്റെ വിലയായി 1,60,074/- രൂപയും ലേബർ റൂം പ്രവർത്തിക്കുന്ന കെട്ടിടത്തിനു 36,169/- രൂപയും ഉൾപ്പെടെ ആകെ 6,98,710/- രൂപ കൈമാറ്റ വിലയായി കണക്കാക്കുകയും, പ്രസ്തുത വിവരം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറുകയുണ്ടായി. എന്നാൽ, 01-11-2023- തീയതിയിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചാ യത്തിന്റെ കത്ത് ലഭിച്ചതിൽ, ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് നിലവിൽ പ്രസ്തുത ഫണ്ട് ലഭ്യമല്ലാത്തതിനാൽ മാർക്കറ്റ് വിലയായ 6,98,710/- രൂപക്ക് കുടുംബാരോഗ്യ കേന്ദ്രവും സ്ഥലവും കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനായുള്ള നടപടികൾ സ്വീകരി ക്കണമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ യോഗതീരുമാനം അറിയിക്കുകയും അതനു സരിച്ചുള്ള തുടർ നടപടികൾ എടുക്കണമെന്ന് കെ.എസ്.ഇ.ബിഎൽ-നോട് അഭ്യർത്ഥി ക്കുകയും ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| | | | എന്നാൽ, സർക്കാർ അനുമതിയോടെ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് കൈമാറു ന്നതിനുള്ള ബോർഡുത്തരവായതിനാൽ, ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥനപ്രകാരം കുടുംബാരോഗ്യ കേന്ദ്രവും സ്ഥലവും കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ സമ്മതവും അനുമതിയും ലഭിക്കുന്നതിനായി 20-11-2023- ലെ കത്ത് പ്രകാരം വിവരം ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ഡയറക്ടറുടെ കാര്യാലയ-ത്തിലേക്ക് അറിയിച്ചിരിക്കുകയാണ്. ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ സമ്മതം ലഭിക്കുന്ന മുറക്ക് കക്കയം കുടുംബാരോഗ്യ കേന്ദ്രവും അതുൾപ്പെടുന്ന സ്ഥലവും കൈമാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഭൂമിയുടെ വില നിർണ്ണയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ കക്കയത്ത് കെ.എസ്.ഇ.ബി.യുടെ ഭൂമിയിൽ പ്രവർ ത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രവും അതുൾപ്പെടുന്ന 48.25 സെന്റ് സ്ഥലവും, പ്രദേശത്ത് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാർക്കറ്റ് വിലക്ക് സർക്കാർ അനുമതിയോടെ ഒരു പരസ്പരധാരണാ പത്രത്തിന്റെ അടിസ്ഥാ നത്തിൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് കൈമാറുന്നതിന് 30-03-2022–ലെ ബോർഡുത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. അതിനുശേഷം 29-11-2022–ലെ ബോർഡുത്തരവ് പ്രകാരം ഉടമസ്ഥാവകാശം കെ.എസ്.ഇ.ബി.യിൽ നിലനിർത്തിക്കൊണ്ട് തന്നെ ആരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടം പുതുക്കിപ്പണിയുന്നതിനുള്ള അനുമതിയും നൽകിട്ടുണ്ട്.<br><br>അതിനു ശേഷം, സ്ഥലത്തിന്റെ വിലയായി 5,02,467/- രൂപയും, പ്രധാന കെട്ടിടത്തിന്റെ വിലയായി 1,60,074/- രൂപയും ലേബർ റൂം പ്രവർത്തിക്കുന്ന കെട്ടിടത്തിനു 36,169/- രൂപയും ഉൾപ്പെടെ ആകെ 6,98,710/- രൂപ കൈമാറ്റ വിലയായി കണക്കാക്കുകയും, പ്രസ്തുത വിവരം തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറുകയുണ്ടായി. എന്നാൽ, 01-11-2023- തീയതിയിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചാ യത്തിന്റെ കത്ത് ലഭിച്ചതിൽ, ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് നിലവിൽ പ്രസ്തുത ഫണ്ട് ലഭ്യമല്ലാത്തതിനാൽ മാർക്കറ്റ് വിലയായ 6,98,710/- രൂപക്ക് കുടുംബാരോഗ്യ കേന്ദ്രവും സ്ഥലവും കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനായുള്ള നടപടികൾ സ്വീകരി ക്കണമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ യോഗതീരുമാനം അറിയിക്കുകയും അതനു സരിച്ചുള്ള തുടർ നടപടികൾ എടുക്കണമെന്ന് |

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബിഎൽ-നോട് അഭ്യർത്ഥി ക്കുകയും ചെയ്തിരുന്നു.<br><br>എന്നാൽ, സർക്കാർ അനുമതിയോടെ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് കൈമാറു ന്നതിനുള്ള ബോർഡുത്തരവായതിനാൽ, ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥനപ്രകാരം കുടുംബാരോഗ്യ കേന്ദ്രവും സ്ഥലവും കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ സമ്മതവും അനുമതിയും ലഭിക്കുന്നതിനായി 20-11-2023- ലെ കത്ത് പ്രകാരം വിവരം ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ഡയറക്ടറുടെ കാര്യാലയ-ത്തിലേക്ക് അറിയിച്ചിരിക്കുകയാണ്. ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ സമ്മതം ലഭിക്കുന്ന മുറക്ക് കക്കയം കുടുംബാരോഗ്യ കേന്ദ്രവും അതുൾപ്പെടുന്ന സ്ഥലവും കൈമാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ